**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 131** **16-09-2025 - ൽ മറുപടിയ്ക്ക്**

**രാജാക്കാട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ രാജാക്കാട് പഞ്ചായത്തിൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 18.02.2021 ലെ ജി.ഒ(എം.എസ്) നം.51/2021/ ആഭ്യന്തരം പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | ഫയർസ്റ്റേഷനായി ലഭ്യമാക്കിയിട്ടുള്ള സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ കെട്ടിടം സജ്ജമാക്കി, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - കേരള ഫയർ & റെസ്ക്യു സർവ്വീസസ്- പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും, തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

G.O.(Ms) No.51/2021/HOME തീയതി,തിരുവനന്തപുരം, 18/02/2021

---

പരാമർശം:- 1 26.02.2016-ലെ സ.ഉ.(സാധാ) 658/2016/ആഭ്യന്തരം ഉത്തരവ്.

2 29.09.2016-ലെ സ.ഉ.(സാധാ) നം.2996/16/ആഭ്യന്തരം ഉത്തരവ്.

3 05.05.2018-ലെ സ.ഉ(സാധാ) 1300/2018/ആഭ്യന്തരം ഉത്തരവ്.

4 30.10.2020-ലെ സ.ഉ.(കൈ) 204/2020/ആഭ്യന്തരം ഉത്തരവ്.

5 കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 07.01.2021-ലെ എഫ്1-6428/2020 നമ്പർ കത്ത്.

6 കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 06.02.2021-ലെ എഫ്1- 6023/2017,എഫ്1- 5993/2016,എഫ്1-8065/2017,എഫ്1-458/2021 നമ്പർ കത്തുകൾ.

7 കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 08.02.2021-ലെ എഫ്1- 1855/2021, എഫ്1-4319/2017,എഫ്1-15378/2021 നമ്പർ കത്തുകൾ.

**ഉത്തരവ്**

അഗ്നിരക്ഷാ സേവന വകുപ്പിനു കീഴിൽ താനൂർ, പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, കല്ലമ്പലം എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറൻമുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകുന്നതിനും അഭ്യർത്ഥിച്ച് ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശ കത്തുകൾ പ്രകാരം ശുപാർശകൾ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഗ്നിരക്ഷാ സേവന വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിലെ താനൂർ, പാലക്കാട് ജില്ലയിലെ പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, തിരുവനന്തപുരം ജില്ലയിലെ കല്ലമ്പലം എന്നിവിടങ്ങളിലായി 5 പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ഫയർ സ്റ്റേഷനുകളിൽ ഓരോന്നിലും ചുവടെ ചേർക്കും പ്രകാരം 13 തസ്തികകൾ വീതം ആകെ 65 തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

| ക്രമനം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്റ്റേഷൻ ഓഫീസർ | 1 |
| 2 | അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 1 |
| 3 | സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ | 2 |
| 4 | ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) | 2 |
| 5 | ഫയർ & റെസ്ക്യൂ ഓഫീസർ | 6 |
| 6 | കാഷ്വൽ സ്വീപ്പർ | 1 |
| | ആകെ | 13 |

3. കൂടാതെ ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറൻമുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

T K JOSE

ADDITIONAL CHIEF SECRETARY

1) ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.

3) പൊതുഭരണ(എസ്.സി.) വകുപ്പ് (ഇനം.നം.4769)

3) ധനകാര്യ വകുപ്പ് (10.02.2021-ലെ EXP- A3/68/2021-Fin. (E 1698662) പ്രകാരം)

4) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിംഗ്, ഐ&പി.ആർ.ഡി.

5) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by ANITHA RAJ V
Date: 2021.02.18 13:25:56 IST
Reason: Approved

സെക്ഷൻ ഓഫീസർ